2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വതന്ത്ര വിജിലൻസ് സംവിധാനം

4 (*304) ഡോ. ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് സംവിധാനത്തെ സ്വതന്ത്ര അധികാരത്തോടെ പരിഷ്കരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി അമിക്കസ്ക്യൂറിയെ നിയോഗിച്ചിട്ടുള്ളതായി അറിയാമോ ; ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടറുടെ അഭിപ്രായം കോടതി ആരായുകയുണ്ടായോ ;

(സി) വിജിലൻസ് ശരിയായനിലയിലും സ്വതന്ത്രമായും പ്രവർത്തിക്കാൻ സാധിക്കാത്തതിൽ സാധാരണക്കാരന് നീതി ലഭിക്കുന്നില്ലെന്ന് കോടതി നിരീക്ഷിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) കോടതി നിർദ്ദേശത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No. 2530/14, 2272/15 എന്നീ കേസ്സുകളിൽ 18-6-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി 2 അമിക്കസ് ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. വിജിലൻസിന്റെ പ്രവർത്തനഘടനയെക്കുറിച്ചും വിജിലൻസിന്റെ നവീകരണത്തിനുംവേണ്ടി സർക്കാരിലേക്ക് സമർപ്പിച്ച നിർദ്ദേശങ്ങളെക്കുറിച്ചും ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് ഡയറക്ടറോട് ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിജിലൻസിന് ശരിയായ നിലയിലും സ്വതന്ത്രമായും പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്ന് കോടതി നിരീക്ഷണം നടത്തിയിട്ടില്ല. വിജിലൻസ് ശരിയായ രീതിയിലും നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടി സ്വീകരിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

പിടിച്ചെടുത്തതും ഉപേക്ഷിച്ചനിലയിൽ കണ്ടെടുത്തതുമായ വാഹനങ്ങൾ

5 (*305) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ചനിലയിൽ കണ്ടെടുത്തും ഉപയോഗ്യമല്ലാതായിത്തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ ലേലം ചെയ്യാൻ മെറ്റൽ സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം ;

(സി) എക്സൈസ്, വനം തുടങ്ങിയ വകുപ്പുകൾ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളെ പ്രസ്തുത സംവിധാനംവഴി ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉപയോഗക്ഷമമല്ലാത്തതും വിവിധ കേസുകളിലായി പോലീസ് വകുപ്പിന്റെ അധീനതയിലുള്ളതുമായ വാഹനങ്ങളും വാഹനഭാഗങ്ങളും e-Auction മുഖേന ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടാൻ മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷന്റെ സേവനം 3 വർഷത്തേക്ക് ഉപയുക്തമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉപയോഗശൂന്യമായ വാഹനങ്ങളുടെ Recycling-ഉം e-Auction-നുമായി ബന്ധപ്പെട്ട് മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷനുമായിചേർന്ന് നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടിന്റെ നോഡൽ ഓഫീസറായി ചീഫ് സെക്രട്ടറിയുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായ ഡോ. കെ. വാസുകി, ഐ.എ.എസ്.-നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly